I ഇ.ബി. XIII-കേരള നിയമസഭ/XIV-19

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2015 ജൂലൈ 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

### മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ നിര്യാണം

മി. സ്പീക്കർ: മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ വിയോഗം വളരെയേറെ വേദനാജനകമായ വാർത്തയാണ്. ഇന്നലെ ഐ.ഐ.എം. ഷില്ലോങിൽ കുട്ടികളോട് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ കുഴഞ്ഞുവീഴുകയും രാത്രി 7.45-ഓടെ അദ്ദേഹത്തിന്റെ മരണം സ്ഥിരീകരിക്കുകയും ചെയ്തു. ഇൻഡ്യൻ യുവത്വത്തിന് ആകാശത്തോളം സ്വപ്നം കാണാൻ പ്രചോദനമേകിയ ഡോ. എ. പി. ജെ. അബ്ദുൾ കലാം വളരെ പാവപ്പെട്ട കുടുംബത്തിൽ ജനിച്ച് സ്വപ്രയത്നത്താൽ ഇൻഡ്യയുടെ രാഷ്ട്രപതിയായിത്തീർന്ന മഹാപ്രതിഭയായിരുന്നു. ബഹിരാകാശ-പ്രതിരോധ ഗവേഷണ കേന്ദ്രങ്ങളിൽ ശാസ്ത്രജ്ഞനായി ജോലിയിൽ പ്രവേശിച്ച

അദ്ദേഹം 2002-2007 കാലഘട്ടത്തിൽ രാഷ്ട്രപതിയാവുകയും അന്തർദ്ദേശീയ തലത്തിൽ ആദരവും അംഗീകാരവും നേടുകയും ചെയ്തു. ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചപ്പോഴും അതിൽനിന്ന് ഒഴിഞ്ഞപ്പോഴും എവിടെപ്പോയാലും വിദ്യാർത്ഥികളുമായും യുവാക്കളുമായും സംവാദത്തിലേർപ്പെടാൻ സമയം കണ്ടെത്തിയിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ എല്ലാവരെയും പ്രചോദിപ്പിക്കുന്നതായിരുന്നു. രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞശേഷം അഹമ്മദാബാദ്, ഷില്ലോങ്, ഇൻഡോർ എന്നീ ഐ.ഐ.എം-കളിലും ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലും അദ്ധ്യാപകനും തിരുവനന്തപുരത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയിൽ ചാൻസലറുമായിരുന്നു. ഭാരതരത്നം, പത്മഭൂഷൺ, പത്മവിഭൂഷൺ തുടങ്ങിയ പുരസ്കാരങ്ങൾ നൽകി രാഷ്ട്രവും ഓണററി ഡോക്ടറേറ്റ് ബിരുദം നൽകി വിദേശത്തുനിന്നുൾപ്പെടെയുള്ള 40 സർവ്വകലാശാലകളും അദ്ദേഹത്തെ ആദരിച്ചു. രണ്ട് പതിറ്റാണ്ടോളം തിരുവനന്തപുരം നഗരത്തിൽ താമസിച്ചിരുന്ന അദ്ദേഹം കേരളവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. ലാളിത്യമായിരുന്നു ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ ജീവിത മുഖമുദ്ര. ശാസ്ത്രജ്ഞന്റെ ബഹിരാകാശ സ്വപ്നങ്ങൾ മാത്രമല്ല പുരോഗതിയുടെ ആകാശത്തേയ്ക്ക് കുതിക്കുന്ന സ്വരാജ്യത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും അദ്ദേഹം സൃഷ്ടിച്ചു. വളരെ വ്യത്യസ്തനായ രാഷ്ട്രപതിയായിരുന്ന അദ്ദേഹം

രാഷ്ട്രപതിയായിരിക്കെതന്നെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആദ്യമായി വോട്ട് ചെയ്ത് ചരിത്രം സൃഷ്ടിച്ചു. പത്ത് വർഷംമുമ്പ് 2005 ജൂലൈ 28-ന് കേരള നിയമസഭ സന്ദർശിച്ച അദ്ദേഹം ഈ സഭയിൽ നമ്മുടെ വളർച്ചയ്ക്കുതകുന്ന അനേകം പദ്ധതികൾ 'ദൗത്യങ്ങൾ കേരളത്തിന്റെ അഭിവൃദ്ധിക്ക് ' എന്ന പേരിൽ അവതരിപ്പിച്ച് പ്രസംഗിച്ചു. നിയമസഭാ വളപ്പിൽ അദ്ദേഹം നട്ട ചെമ്പകമരം ഇപ്പോഴും സൗരഭ്യം പരത്തുന്ന പൂക്കളുമായി വളർന്നുനിൽക്കുന്നു. അവസാന ശ്വാസംവരെയും കർമ്മനിരതനായിരുന്ന അദ്ദേഹത്തിന്റെ ഉജ്ജ്വലമായ ഓർമ്മകൾക്കുമുമ്പിൽ ഹൃദയാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തെ ഏറ്റവുമധികം സ്നേഹിച്ച ഒരു നേതാവായിരുന്നു അന്തരിച്ച ഡോ. എ. പി. ജെ. അബ്ദുൾ കലാം. ജന്മംകൊണ്ട് തമിഴ്നാട്ടുകാരനാണെങ്കിലും അദ്ദേഹത്തിന്റെ നീണ്ട കർമ്മഭൂമി കേരളത്തിലെ തിരുവനന്തപുരം ആയിരുന്നു. ഇന്നേയ്ക്ക് 10 വർഷം മുമ്പ് അദ്ദേഹം ഈ സഭയിൽവന്ന് കേരളത്തിന്റെ വികസനത്തിനുവേണ്ടി മുന്നോട്ടുവച്ച 10 നിർദ്ദേശങ്ങൾ അന്നുതന്നെ സ്വീകരിക്കുകയും സഭ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. അദ്ദേഹം യുവതലമുറയ്ക്ക് ആത്മവിശ്വാസം പകർന്നുകൊടുത്ത രാഷ്ട്രപതിയും നേതാവുമായിരുന്നു. രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞശേഷവും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി ഓടിനടന്ന് അദ്ധ്യാപകനായും

ഉപദേശകനായും വളരെയേറെ കാര്യങ്ങൾ ചെയ്ത അദ്ദേഹം ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരവസരത്തിലാണ് നമ്മെ വിട്ടുപിരിഞ്ഞത്. ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): പേരുപോലെതന്നെ അത്യന്തം സവിശേഷതയാർന്ന വ്യക്തിത്വമായിരുന്നു ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റേത്. വിജ്ഞാനത്തിന്റേയും ദീക്ഷണയുടേയും പാരമ്യത്തിലും അദ്ദേഹം ലാളിത്യത്തിന്റെ വിശുദ്ധി നാടെങ്ങും പ്രസരിപ്പിച്ചു. കേരളത്തിലെ ജീവിതവും പ്രവർത്തനവും ഏറെ ഗൃഹാതുരത്വത്തോടെയാണ് അദ്ദേഹം എന്നും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നത്. മഹത്തായ ഈ സഭാവേദിയിൽ അദ്ദേഹം നടത്തിയ പ്രഭാഷണം ചരിത്രത്തിന്റെ ഭാഗമാണ്. പ്രഭാഷണത്തിന്റെയും അദ്ധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും എല്ലാ സാധ്യതകളെയും അദ്ദേഹം പ്രയോജനപ്പെടുത്തിയത് പുതിയ തലമുറയ്ക്കുവേണ്ടിയാണ്. ആ മഹാമനുഷ്യന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സാധാരണ ജനങ്ങൾക്ക് ഉപകരിക്കുന്ന വികസനം സ്വപ്നം കണ്ട ഒരു മഹത്‌വ്യക്തിയായിരുന്നു ഡോ. എ. പി. ജെ. അബ്ദുൾ കലാം. ആ മഹത്‌വ്യക്തിയെയാണ് ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിലും അദ്ദേഹത്തിന്റെ

ചിന്തകളിലുമൊക്കെ ഭാവി തലമുറയ്ക്ക് ഒരുപാട് മാതൃകകളുണ്ട്. കേരളത്തിന്റെ വികസനത്തിനായി അദ്ദേഹം മുന്നോട്ടുവച്ച പദ്ധതികളിൽ പലതും നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. സി. ദിവാകരൻ: ഇന്ത്യയുടെ ശാസ്ത്രലോകത്തെ ലോകത്തിന്റെ നെറുകയിലെത്തിച്ച ശാസ്ത്രജ്ഞനും ബഹിരാകാശ ഗവേഷണത്തിൽ വിലമതിക്കാനാകാത്ത സംഭാവനകൾ നൽകിയ വ്യക്തിയുമായിരുന്നു അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾകലാം. ഇന്ത്യയിലെ സാധാരണ ജനങ്ങളെ ശാസ്ത്രലോകത്തേയ്ക്ക് നയിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. സാധാരണ ജനങ്ങളിൽ ഒരാളായി, ആർഭാടരഹിതമായ ജീവിതം നയിച്ച വ്യക്തിയെയാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെ രാജ്യത്തിന് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇന്ത്യയുടെ യശസ്സ് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഉയർത്തിയ വ്യക്തിത്വമാണ് മുൻരാഷ്ട്രപതി ഡോ. എ. പി. ജെ അബ്ദുൾകലാമിന്റേത്. ശാസ്ത്രത്തെയും ധാർമ്മിക മൂല്യങ്ങളെയും സമന്വയിപ്പിച്ച് ഒരു പുതിയ ചിന്താധാര യുവാക്കൾക്കായി നൽകിയ

അദ്ദേഹത്തിന്റെ 'അഗ്നിച്ചിറകുകൾ' എന്ന ഗ്രന്ഥം ചിന്തോദ്ദീപകമാണ്. മനുഷ്യമനസ്സിനെ പിടിച്ചെടുക്കാൻ കഴിയുന്ന വ്യക്തിത്വത്തിനുടമയായ അദ്ദേഹം കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ച് അവയ്ക്കെല്ലാം ഉത്തരങ്ങൾ നൽകിക്കൊണ്ട് അവരെ പ്രചോദിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ വേർപാടിലൂടെ നമ്മുടെ ഭൗതീക ലോകത്തിന് വന്നിട്ടുള്ള നഷ്ടം വളരെ വലുതാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ സഭയുടെ വികാരത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

<u>ശ്രീ. മാത്യു ടി തോമസ്</u>: മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ വേർപാട് രാഷ്ട്രത്തിന്, പ്രത്യേകിച്ച് കേരളത്തിന് വലിയ നഷ്ടമാണ്. ദീർഘകാലം കേരളത്തിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതംപോലെ തന്നെ മരണവും അസാധാരണമായിരുന്നു. അവസാന നിമിഷം വരെ പ്രവർത്തനസജ്ജമായിരിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. രാഷ്ട്രപതി സ്ഥാനത്തിരുന്നുകൊണ്ട് സാമൂഹ്യപ്രതിബദ്ധതയോടെ ജനങ്ങളെ സേവിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സ്വപ്നം കാണാൻ വിദ്യാർത്ഥി സമൂഹത്തിനും യുവതലമുറയ്ക്കും പ്രേരണ കൊടുത്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. തലമുറകളെ പ്രചോദിപ്പിക്കുന്ന നിരവധി ചിന്തകൾ ലോകത്തിന് സംഭാവന ചെയ്തിട്ടാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. ആ ദീപ്തമായ സ്മരണയ്ക്കുമുന്നിൽ

ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികളർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): എളിമയുടെ പര്യായവും കുട്ടികളുടെ മനസ്സുമായിരുന്നു അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾകലാമിന് ഉണ്ടായിരുന്നത്. വികസന കാര്യങ്ങളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം പാടില്ലെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. രാജ്യത്തിന് പ്രത്യേകിച്ച് കേരളത്തിന് വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെയുണ്ടായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): അവസാനശ്വാസം വരെയും കർമ്മനിരതമായ ജീവിതം നയിച്ച വ്യക്തിയായിരുന്നു ഡോ. എ. പി. ജെ. അബ്ദുൾകലാം. യുവാക്കളെയും കുട്ടികളെയും ഏറ്റവുമധികം സ്നേഹിച്ചിരുന്ന അദ്ദേഹം അവരെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുകയും ആ സ്വപ്നങ്ങൾ രാജ്യത്തിന്റെ നന്മയ്ക്കായിരിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തിരുന്നു. ലളിതജീവിതം നയിച്ചിരുന്ന വ്യക്തിത്വത്തിനുടമയായിരുന്ന അദ്ദേഹം ശാസ്ത്രലോകത്തിന് നൽകിയ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടും. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കുമുന്നിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികളർപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾകലാം പ്രതിഭാശാലിയായ വ്യക്തിത്വത്തിനുടമയായിരുന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. മതേതരത്വത്തിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും കാവൽക്കാരനായാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരുത്തമ സുഹൃത്ത്, ബന്ധു, മാർഗദർശനം നൽകിയ നേതാവ് എന്നീ നിലകളിലെല്ലാം അദ്ദേഹം സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഈ സഭയുടെ വികാരത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ്കുമാർ</u>: അന്ത്യനിമിഷം വരെയും രാജ്യത്തിനുവേണ്ടി പ്രവർത്തിച്ച ഡോ. എ. പി. ജെ. അബ്ദുൾകലാമിന്റെ വിയോഗം തീരാനഷ്ടമാണ്. ഭാരതത്തിന്റെ പുതുതലമുറയ്ക്ക് കരുത്തു പകരുന്നതിനും അവരിൽ ആത്മവിശ്വാസം നിറയ്ക്കുന്നതിനും അദ്ദേഹം യത്നിച്ചു. ആധുനികശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്ന കാര്യം കേരള നിയമസഭയെ അഭിസംബോധന ചെയ്ത വേളയിൽ അദ്ദേഹം സൂചിപ്പിച്ചിരുന്നു. ശാസ്ത്രരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങളുടെ അമരക്കാരനായ അദ്ദേഹം രാഷ്ട്രപതിയായ മുഹൂർത്തം ഓരോ ഭാരതീയനും അഭിമാനം പകരുന്നതായിരുന്നു. ആരിലും ആദരവുണർത്തുന്ന ആ വിശിഷ്ട

വ്യക്തിത്വത്തിന്റെ വേർപാടിലുണ്ടായ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

(അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾകലാമിനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

**പ്രമേയം**

**<u>കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശയുടെ ഭേദഗതി</u>**

മുഖ്യമന്ത്രി(<u>ശ്രീ. ഉമ്മൻചാണ്ടി</u>): ഇന്ന് രാവിലെ ബഹു. സ്പീക്കർ വിളിച്ചുചേർത്ത കക്ഷിനേതാക്കളുടെ യോഗത്തിലുണ്ടായ ധാരണ അനുസരിച്ച് കാര്യോപദേശക സമിതിയുടെ 21-ാം റിപ്പോർട്ടിലെ ശുപാർശകൾ ഭേദഗതി ചെയ്ത് ജൂലൈ 29-ന് 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലാ ബിൽ, 2015 -ലെ ദി കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമെന്റ്മെന്റ് ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും; 30-ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ, 2015-ലെ കേരള ദേവസ്വം

റിക്രൂട്ട്മെന്റ് ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും എന്നിങ്ങനെ കാര്യപരിപാടികൾ ക്രമീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

29.07.2015-ലെ സബ്മിഷൻ ഒഴിവാക്കുന്നതും ഇന്നത്തെയും നാളത്തെയും സബ്മിഷനുകളുടെ മറുപടി ബഹു. മന്ത്രിമാർ അംഗങ്ങൾക്ക് രേഖാമൂലം നൽകുന്നതുമാണ്.

സഭ രാവിലെ 9.09 -ന് പിരിഞ്ഞു

***************